കവർസ്റ്റോറി

ഖാലിദ് മൂസാ നദ്‌വി

# ഫാഷിസ്റ്റ്‌വിരുദ്ധ ബദൽരാഷ്ട്രീയം ചില തീക്ഷ്ണവിചാരങ്ങൾ

ഇന്ത്യൻ ഫാഷിസത്തിന്റെ ഉറവിടമായ 'ജാതി പ്രത്യയ ശാസ്ത്രം' ഇബ്‌ലീസിയൻ തത്ത്വശാസ്ത്രത്തിന്റെ തന്നെ വികസിത രൂപമാണ്. ഇന്ത്യയിലെ ഭൂരിപക്ഷം വരുന്ന മനുഷ്യരെയും മ്ലേച്ഛരെന്നു വിളിക്കുന്ന ജാതി വൈദിക പാരമ്പര്യ ദർശനം തന്നെയാണ് ഇന്ത്യൻ ഫാഷിസത്തിന്റെ ആണിക്കല്ല്. ഇറ്റാലിയൻ, ജർമൻ ഫാഷിസത്തിന്റെ ഉറവിടം തന്നെ ഇന്ത്യയാണെന്ന ദലിത് നിലപാടും ഇതോടൊപ്പം ചേർത്തുവായിക്കേണ്ടതാണ്.

**മനുഷ്യൻ** ഭൂമിയിൽ ദൈവത്തിന്റെ പ്രതിനിധിയാണ്. ദൈവത്തിന്റെ പ്രതിനിധി എന്ന പദവി മനുഷ്യന് പ്രദാനം ചെയ്യുന്ന ഏറ്റവും വലിയ അധികാരമാണ് 'തുല്യത'. തുല്യതയുടെ നിഷേധത്തിൽനിന്നാണ് ഫാഷിസത്തി ന്റെ പിറവി. ഖുർആനിക കാഴ്ചപ്പാടിൽ തുല്യത നിഷേധിക്കുന്ന ഇബ്‌ലീസിന്റെ യുക്തിവാദ ത്തിൽനിന്നാണ് ഫാഷിസം പിറന്നിരിക്കുന്നത്. "തീയിൽ നിന്ന് ഉത്ഭവിച്ച ഞാൻ മണ്ണിൽ നിന്ന് ഉത്ഭവിച്ച നിന്നേക്കാൾ ശ്രേഷ്ഠൻ" എന്ന് ആദമിനെ നോക്കി ഇബ്‌ലീസ് പറഞ്ഞത് ഫാഷിസത്തിന്റെ ആദ്യവാക്കായി നമുക്ക് പരിഗണിക്കാവുന്നതാണ്.

മനുഷ്യൻ പരസ്പരം തുല്യാധികാരമുള്ള സൃഷ്ടികളാണ് എന്ന ഇസ്‌ലാമിക തത്ത്വം ഫാഷിസത്തനെതിരായ കരുത്തുറ്റ പ്രതിപക്ഷ സ്വരമാണ്. ഈ സ്വരം ശക്തിയായി ഉയർത്തിക്കൊണ്ടാണ് മുഹമ്മദ് നബി (സ) ഇഹലോകവാസം വെടിഞ്ഞത്. ദുൽഹജ്ജ് 10ന്റെ അറഫാ പ്രഭാഷണം മനുഷ്യന്റെ തുല്യാധികാരത്തെ കുറിക്കുന്ന ചരിത്ര പ്രസിദ്ധമായ മനുഷ്യാവകാശ പ്രഖ്യാപനമാണ്. വിഭവങ്ങൾക്ക് മേൽ നിഷേധിക്കും അധികാരമുണ്ടെന്ന് അല്ലാഹു മനുഷ്യനെ പഠിപ്പിച്ചത് ഇബ്റാഹീം നബിയുടെ ഒരു പ്രാർഥന തിരുത്തിക്കൊണ്ടാണ്. "വിശ്വാസികൾക്കെല്ലാം നീ വിഭവം നൽകേണമേ" എന്ന് ഇബ്റാഹീം നബി പ്രാർഥിച്ചപ്പോൾ 'അവിശ്വാസികൾക്കും' എന്ന് അല്ലാഹു കൂട്ടിച്ചേർത്തത് വിഭവങ്ങളുടെ മേൽ മനുഷ്യർക്കുള്ള തുല്യാധികാരത്തിനാണ് അടിവരയിടുന്നത്.

ഇന്ത്യൻ ഫാഷിസത്തിന്റെ ഉറവിടമായ 'ജാതി പ്രത്യയ ശാസ്ത്രം' ഇബ്‌ലീസിയൻ തത്ത്വശാസ്ത്രത്തിന്റെ തന്നെ വികസിത രൂപമാണ്. ഇന്ത്യയിലെ ഭൂരിപക്ഷം വരുന്ന മനുഷ്യരെയും മ്ലേച്ഛരെന്നു വിളിക്കുന്ന ജാതി വൈദിക പാരമ്പര്യ ദർശനം തന്നെയാണ് ഇന്ത്യൻ ഫാഷിസത്തിന്റെ ആണിക്കല്ല്. ഇറ്റാലിയൻ, ജർമൻ ഫാഷിസത്തിന്റെ ഉറവിടം തന്നെ ഇന്ത്യയാണെന്ന ദലിത് നിലപാടും ഇതോടൊപ്പം ചേർത്തുവായിക്കേണ്ടതാണ്.

മനുവുമായുള്ള താരതമ്യത്തിൽ ഹിറ്റ്ലർ പാവമാണെന്ന സഹോദരൻ അയ്യപ്പന്റെ പ്രസ്താവന ഇന്ത്യൻ ഫാഷിസത്തിന്റെ പുസ്തകം ഏതാണ് എന്നതിന്റെ വ്യക്തമായ സൂചനയാണ്.

സമൂഹത്തെ വിഭജിച്ച് നിർത്തുകയും സവർണതയുടെ മാത്രം അതിജീവനം ഉറപ്പുവരുത്തുകയും ചെയ്യുന്ന ഫാഷിസത്തിന്റെ പ്രാഗ് രൂപങ്ങളിൽ ഒന്നാണ് ഫറോവൻ ദേശീയത. മൂസാ നബിയും ഇസ്രാഈല്യരും ഈജിപ്തിന് അപകടകാരികളാണെന്ന സിദ്ധാന്തത്തിൽ നിന്നുള്ള വംശീയ ഉന്മൂലന പദ്ധതിയാണ് ഫിർഔൻ നടപ്പിലാക്കിയത്. ഹാമാന്റെ

സൈന്യവും ഖാറൂനിന്റെ പണവും ഫിർഔനിനെ സഹായിക്കുകയും ചെയ്തു. ഭിന്നിപ്പിച്ച് ഭരിക്കുക എന്ന തന്ത്രം ഫിർഔൻ നടപ്പിലാക്കിയതായി ഖുർആൻ പറയുന്നുണ്ട്. ബ്രിട്ടൻ സാമ്രാജ്യത്വം വികസിപ്പിച്ചത് ഇതേ തന്ത്രം ഉപയോഗിച്ചായിരുന്നല്ലോ. അമേരിക്കൻ സാമ്രാജ്യത്വവും സയണിസവും നടപ്പിലാക്കിവരുന്നതും ഈ ഭിന്നിപ്പിക്കൽ തന്ത്രം തന്നെ. ക്രൈസ്തവ സാമ്രാജ്യത്വം, ജൂത സയണിസം, ഹിന്ദുത്വ ഫാഷിസം ഇവയെല്ലാം തന്നെ മനുഷ്യന്റെ തുല്യാധികാരത്തെ നിഷേധിക്കുന്ന ഇബ്‌ലീസിയൻ ദർശനത്തിന്റെ വ്യത്യസ്ത ഭാവങ്ങളായി, അല്ലെങ്കിൽ ഒരേ തൂവൽ പക്ഷികളായി നമുക്ക് വിലയിരുത്താവുന്നതേയുള്ളൂ. ഇവിടെയാണ് ഇന്ത്യൻ ഫാഷിസത്തിന്റെ പുതിയ ഓപ്പറേഷനുകളിൽ സി.ഐ.എയും മൊസാദും ഉണ്ടെന്ന നിരീക്ഷണം പ്രസക്തമാകുന്നത്.

എല്ലാ നിറങ്ങൾക്കും എല്ലാ മതങ്ങൾക്കും എല്ലാ വംശങ്ങൾക്കും എല്ലാ ആരാധനാ രീതികൾക്കും മണ്ണിൽ ഇടമുണ്ട്, ഒരു രീതിയും ആരുടെമേലും അടിച്ചേൽപ്പിക്കരുതെന്ന വിശാല ജനാധിപത്യമാണ് ഫാഷിസത്തിന്റെ എതിർ ദർശനമായി വളർത്തപ്പെടേണ്ടത്. മുഹമ്മദ് നബിയെയും സംഘത്തെയും മക്കയിൽ നിന്ന് പുറത്തുവരാൻ നിർബന്ധിതരാക്കിയ ബഹുദൈവത്വ മേൽകോയ്മക്കെതിരെ ഖുർആൻ യുദ്ധപ്രഖ്യാപനം നടത്തിയപ്പോൾ പറഞ്ഞ ന്യായം "എല്ലാ ആരാധനാലയങ്ങളും നിലനിൽക്കാൻ വേണ്ടി" എന്നാണ്.

'റാം, റഹീം' എന്ന് ഒന്നിച്ച് മന്ത്രിച്ച ഗാന്ധിജിയെയാണ് സംഘ്ഫാഷിസം ആദ്യം കൊന്നത്. സർവമത പ്രാർഥനക്കുള്ള മന്ദിരം പണിത ഗാന്ധിജി ഫാഷിസത്തിന്റെ പ്രഥമ ഇരയായത് യാദൃഛികമല്ല. ബാബരി മസ്ജിദ് പൊളിച്ച് പകരം ക്ഷേത്രം പണിതാണ് ഇന്ത്യൻ ഫാഷിസം രാഷ്ട്രീയബലം നേടിയത്. ഒരേ ആരാധനാലയം, ഒരേ ആരാധനാ രീതി, ഒരേ ആഘോഷങ്ങൾ എന്ന ഫാഷിസ്റ്റ് സമീപനം ഇന്ത്യൻ സാമൂഹിക ഘടനയിലെ കാൻസറായി വ്യാപിച്ചുവരികയാണ്.

'സാംസ്കാരിക ദേശീയത' എന്ന അപകടകരമായ ആശയ നിർമിതിയിലാണ് ഫാഷിസം വേരാഴ്ത്തുന്നത്. വിഗ്രഹ പൂജയെയും പുരാണങ്ങളെയും ഇതിഹാസങ്ങളെയും ഹൈന്ദവ ആരാധനാ രൂപങ്ങളെയും പശുഭക്തിയെയും ഹിന്ദുത്വ ആഘോഷങ്ങളെയും ചിഹ്നങ്ങളെയുമെല്ലാം ഈ സാംസ്കാരിക

> **'ഘർവാപസി' എന്ന ഓമനപ്പേരിട്ട് ഹിന്ദുത്വത്തിലേക്ക് ബലം പ്രയോഗിച്ച് ആളെ കൂട്ടുകയും നിർബന്ധിത മതപരിവർത്തനം നിരോധിക്കണമെന്ന് ശക്തിയായി ആവശ്യപ്പെടുകയും ചെയ്യുന്ന ഫാഷിസമിവിടെ ഒരേസമയം കള്ളന്റെയും പോലീസിന്റെയും വേഷമിടുകയാണ് ചെയ്യുന്നത്. ഈ വേഷംമാറൽ മനസ്സിലാക്കുന്നതിൽ ലിബറൽ മതേതരബുദ്ധിജീവികൾ തോറ്റുപോവുന്നുവെന്നതാണ് അമ്പരപ്പിക്കുന്ന യാഥാർഥ്യം.**



ദേശീയതയുടെ അകത്ത് കുടിയിരുത്തി കൈക്കരുത്തിലൂടെയും ബലപ്രയോഗത്തിലൂടെയും പൗരജനങ്ങളെ അതിന്റെ അടിമകളാക്കി മാറ്റുകയാണ് ഫാഷിസം ചെയ്തുവരുന്നത്. അവിടെയാണ് മതപരിവർത്തനം അപകടകരവും 'ഘർവാപസി' (ഹിന്ദുമതത്തിലേക്ക് ആളെ ചേർക്കുന്നതിന് ആർ.ആർ.എസ് നൽകിയ ഓമനപ്പേര്; വീട്ടിലേക്ക് മടക്കിക്കൊണ്ടുവരൽ എന്നർഥം) ദേശ സ്നേഹവുമായി വിലയിരുത്തപ്പെടുന്നത്.

നേരത്തെ ഒരു മതത്തിലും വിശ്വാസമില്ലാതിരുന്ന ഒറീസയിലെ ആദിവാസി തിന്നാൻ കൊടുത്തവന്റെ മുഖത്ത് നോക്കി ഭവ്യതയോടെ വായുവിൽ കുരിശു വരക്കുന്നത് മഹാപാപമായി വിലയിരുത്തപ്പെടുന്ന സാമാന്യ ബോധത്തിനും മാധ്യമ ബോധത്തിനും ജന്മം നൽകാൻ ഈ സാംസ്കാരിക ഫാഷിസത്തിന് കഴിയുന്നുവെന്നതാണ് ഏറെ ഭയാനകമായ സ്ഥിതി വിശേഷം.

'മതംമാറുക' എന്നത് മഹാപാതകമായി മനസ്സിലാക്കപ്പെടുന്ന മനോഭാവം തന്നെ ഫാഷിസമാണ്. 'മതത്തിൽ ബലാൽക്കാരമില്ല' എന്ന ഖുർആനിക ദർശനം മതം മാറ്റം എന്ന മൗലിക മനുഷ്യാവകാശത്തെയാണ് ഉയർത്തിപ്പിടിക്കുന്നത്. 'ഘർവാപസി' എന്ന ഓമനപ്പേരിട്ട് ഹിന്ദുത്വത്തിലേക്ക് ബലം പ്രയോഗിച്ച് ആളെ കൂട്ടുകയും നിർബന്ധിത മതപരിവർത്തനം നിരോധിക്കണമെന്ന് ശക്തിയായി ആവശ്യപ്പെടുകയും ചെയ്യുന്ന ഫാഷിസമിവിടെ ഒരേസമയം കള്ളന്റെയും പോലീസിന്റെയും വേഷമിടുകയാണ് ചെയ്യുന്നത്. ഈ വേഷംമാറൽ മനസ്സിലാക്കുന്നതിൽ ലിബറൽ മതേതരബുദ്ധിജീവികൾ തോറ്റുപോവുന്നുവെന്നതാണ് അമ്പരപ്പിക്കുന്ന യാഥാർഥ്യം.

അഖണ്ഡഭാരതം എന്ന ഐക്യമുദ്രാവാക്യത്തിന്റെ സുരക്ഷിത ഗുഹാമുഖത്ത് ഒളിഞ്ഞിരുന്ന് സാമൂഹിക ശിഥിലീകരണത്തിന് നേതൃത്വം കൊടുക്കുകയാണ് ഫാഷിസം ചെയ്യുന്നത്. ഇന്ത്യാ പാക് വിഭജനത്തിന് മുഖ്യ കാർമികത്വം വഹിച്ച ഹിന്ദുത്വവാദികളാണിന്ന് കുറ്റം മുസ്‌ലിം സമുദായത്തിനുമേൽ ചാർത്തി ദേശീയ ഐക്യത്തിന്റെ വേഷമിട്ട് മുസ്‌ലിംകളെ വേട്ടയാടുന്നത്. ഗാന്ധിജിയെ കൊന്ന ഫാഷിസത്തിന്, ഹിന്ദുവും മുസ്‌ലിമും രണ്ടു രാഷ്ട്രമാണെന്ന വിഘടനവാദ സിദ്ധാന്തം പ്രചരിപ്പിച്ച് ഇന്ത്യാ-പാക് വിഭജനത്തിന് വഴിഒരുക്കിയ ഫാഷിസത്തിന് വൻ സാമൂഹികാംഗീകാരം സ്വന്തമാക്കാൻ കഴിയുന്നുവെന്നതാണ് ജനാധിപത്യവാദികളെ ഭയപ്പെടുത്തുന്ന സ്ഥിതിവിശേഷം.

1963ൽ ഇന്ത്യൻ സേനയോടൊപ്പം റിപ്പബ്ലിക് ദിന പരേഡിൽ സ്വന്തം യൂനിഫോമിൽ പങ്കെടുക്കുന്നതിന് നെഹ്റുവിന്റെ അനുമതി പത്രം നേടിയെടുക്കാൻ കഴിയുമാറ് ഫാഷിസം സാമാന്യബോധത്തിന് എന്തെളുപ്പമാണ് സ്വീകാര്യമായി തീർന്നത്!

മാലേഗാവ് സ്ഫോടനത്തിൽ കുറ്റാരോപിതയായ ഫാഷിസ്റ്റ് സഹയാത്രിക പ്രജ്ഞാസിംഗിനോട് പോലീസ് മാന്യമായി പെരുമാറിയിട്ടുണ്ടെന്ന് ഫാഷിസ്റ്റ് നേതാവായ അദ്വാനിയെ നേരിൽ കണ്ട് ബോധ്യപ്പെടുത്താൻ, ഇന്ത്യൻ പ്രധാനമന്ത്രിയുടെ സുരക്ഷാ ഉപദേഷ്ടാവ് എം.കെ നാരായണനെ പറഞ്ഞയക്കാൻ ധൃതികാണിക്കുന്നത് ഫാഷിസം നേടിയെടുക്കുന്ന സ്വീകാര്യതയുടെ ഞെട്ടലുളവാക്കുന്ന അടയാളമല്ലാതെ മറ്റെന്താണ്?

മൃദു ഹിന്ദുത്വമെന്നോ, ലിബറൽ സെക്യുലരിസമെന്നോ വിശേഷിപ്പിക്കാവുന്ന പൊതുബോധത്തിന് ഈ കുറ്റത്തിൽ വലിയ പങ്കുണ്ട്. അഭിനവ ഭാരത്, ബജ്റംഗ്ദൾ, ശിവസേന എന്നീ ക്രിമിനൽ സംഘടനകളെ ശാസിക്കാനുള്ള ധൈര്യംപോലും കാണിക്കാത്ത ഗവൺമെന്റ് 'സിമി'യെ നിരോധിക്കുമ്പോൾ ആ നിരോധത്തെ ഒന്നുകിൽ ആഘോഷിക്കുകയോ, അല്ലെങ്കിൽ ക്രൂരമായ വിവേചനത്തിനു മുമ്പാകെ മൗനം പാലിക്കുകയോ ചെയ്യുന്ന 'ലിബറൽ സെക്യുലർ പൊതുബോധ'ത്തെ ഫാഷിസത്തിന്റെ വളർത്തച്ഛൻ എന്ന് പറഞ്ഞാൽ തെറ്റാകില്ല.

കണ്ണൂരിലെ ഫയാസിന്റെ ഉമ്മ മകന്റെ മയ്യിത്ത് വേണ്ടെന്ന് പറഞ്ഞത് ദേശസ്നേഹത്തിന്റെ മതവും രാഷ്ട്രീയവുമായി എളുപ്പം സ്വീകാര്യമാവുന്നേടത്താണ് ഫാഷിസ്റ്റ് മനോഭാവവും ഫാഷിസ്റ്റ് പ്രചാരണരീതിയും പൊതു മനസ്സിന്റെ പോലും ദിശ നിർണയിക്കുന്ന മാനദണ്ഡമായി തീരുന്നത്. ഫാഷിസ്റ്റ് വിജയഭേരിയുടെ ഈ സൂക്ഷ്മ ഗുഹാ മുഖങ്ങളിൽ നിർഭയമായ ആക്രമണം സംഘടിപ്പിക്കാത്ത കാലത്തോളം 'സിമി' ഭീകരതയുടെ പ്രധാന അടയാളമായും ആർ.എസ്.എസ് സാംസ്കാരിക ദേശീയതയുടെ കാവൽക്കാരനായും തുടരുക തന്നെ ചെയ്യും.

**ഫാഷിസം വളരുന്ന മറ്റൊരു അഴുക്കുചാലാണ് ന്യൂനപക്ഷ വർഗീയതയും ഭൂരിപക്ഷ വർഗീയതയും തുല്യമാണെന്ന സൂത്രവാക്യം. തീവ്രവാദത്തിനെതിരെ മലപ്പുറം ജില്ലയിൽ മാത്രം കാമ്പയിൻ നടത്തുന്ന മതേതര ജാഗ്രതയുടെ സെപ്റ്റിക് ടാങ്കിലാണ് ഫാഷിസ്റ്റ് കൊതുകുകൾ വേഗം മുട്ടയിട്ട് കൂടുതൽ സന്താനങ്ങളെ ഉൽപാദിപ്പിച്ചുകൊണ്ടിരിക്കുന്നത്.**

**ന്യൂനപക്ഷങ്ങൾക്ക് വർഗീയതയില്ലെന്നോ, അത് എതിർക്കപ്പെടേണ്ടതില്ലെന്നോ ഇതിനർഥമില്ല. തലവേദനക്ക് ചികിത്സ കാൻസറിനോട് താരതമ്യപ്പെടുത്തിയാകരുത് എന്ന വിനീതമായ ഒരു അപേക്ഷയാണ് ജനാധിപത്യ രാഷ്ട്രീയത്തിന് മുന്നോട്ട് വെക്കാനുള്ളത്.**

ഫാഷിസം വളരുന്ന മറ്റൊരു അഴുക്കുചാലാണ് ന്യൂന പക്ഷ വർഗീയതയും ഭൂരിപക്ഷ വർഗീയതയും തുല്യമാണെന്ന സൂത്രവാക്യം. തീവ്രവാദത്തിനെതിരെ മലപ്പുറം ജില്ലയിൽ മാത്രം കാമ്പയിൻ നടത്തുന്ന മതേതര ജാഗ്രതയുടെ സെപ്റ്റിക് ടാങ്കിലാണ് ഫാഷിസ്റ്റ് കൊതുകുകൾ വേഗം മുട്ടയിട്ട് കൂടുതൽ സന്താനങ്ങളെ ഉൽപാദിപ്പിച്ചുകൊണ്ടിരിക്കുന്നത്.

ന്യൂനപക്ഷങ്ങൾക്ക് വർഗീയതയില്ലെന്നോ, അത് എതിർക്കപ്പെടേണ്ടതില്ലെന്നോ ഇതിനർഥമില്ല. തലവേദനക്ക് ചികിത്സ കാൻസറിനോട് താരതമ്യപ്പെടുത്തിയാകരുത് എന്ന വിനീതമായ ഒരു അപേക്ഷയാണ് ജനാധിപത്യ രാഷ്ട്രീയത്തിന് മുന്നോട്ട് വെക്കാനുള്ളത്. പാരസെറ്റമോൾ കൊടുക്കേണ്ടിടത്ത് റേഡിയേഷൻ വിധിക്കുന്ന ക്രൂരതയായിപ്പോകുന്നു പലപ്പോഴും ലിബറൽ മതേതര ചികിത്സാമുറകൾ. മാറാടിനെ ഭീകരതയുടെ താവളം എന്ന് വിശേഷിപ്പിക്കുന്ന ലിബറൽ മതേതരത്വം ഗുജറാത്തിൽ നടന്നത് ഭീകരാക്രമണമാണെന്ന് പറയാൻ ധൈര്യം കാണിക്കുന്നില്ല. ഗുജറാത്തിലെ കൊടും ഭീകരൻ മുംബൈ യുദ്ധഭൂമി ദേശീയതയുടെ സംരക്ഷക വേഷമിട്ട് സന്ദർശിക്കുമ്പോൾ ഇന്ത്യയിലെ ഒരു സെക്യുലർ മുഖ്യമന്ത്രിക്കും കിട്ടാത്ത പദവിയും സുരക്ഷാ സംവിധാനവും നൽകി ഇന്ത്യൻ ഹിറ്റ്ലർ ആദരിക്കപ്പെടുകയാണ് ചെയ്യുന്നത്. മതേതര പൊതുബോധത്തിന്റെയും മാധ്യമ ലോകത്തിന്റെയും സൗമനസ്യത്തിലാണ് ഹിന്ദുത്വ ഫാഷിസ്റ്റ് ഭീകരത എളുപ്പം ദേശീയ സുരക്ഷാ ദർശനമായി വേഷം മാറുന്നതെന്ന കാര്യം തുറന്നുപറയാതെ ഫാഷിസ്റ്റ്വിരുദ്ധ സമരം സത്യസന്ധമാവുകയില്ല.

1937ൽ ഗുജറാത്തിലെ അഹ്മദാബാദിൽ നടത്തിയ പ്രഭാഷണത്തിൽ "ഇന്ത്യക്ക് ഒരിക്കലും ഒറ്റ രാജ്യമായി നിലനിൽക്കാനാവില്ല" എന്ന് പ്രഖ്യാപിച്ചത് സവർക്കറാണ്. "ജിന്നയുടെ ദ്വിരാഷ്ട്രവാദത്തോട് എനിക്ക് യാതൊരു എതിർപ്പുമില്ല" എന്ന് 1947ൽ സവർക്കർ അറിയിക്കുകയുണ്ടായി. ഹിന്ദുക്കൾക്കും മുസ്‌ലിംകൾക്കും ഒന്നിച്ചു ജീവിക്കാൻ കഴിയുകയില്ല എന്നുമാത്രമല്ല മുസ്‌ലിംകൾ, ക്രിസ്ത്യാനികൾ, കമ്യൂണിസ്റ്റുകാർ, ദലിതർ എല്ലാം തന്നെ ഭാരതമാതാവിന്റെ കണ്ണിലെ കരടുകളാണെന്നതാണ് ഫാഷിസ്റ്റ് വേദപുസ്തകമായ *വിചാരധാര*യുടെ നിലപാട്. സാമൂഹിക ശിഥിലീകരണത്തിന്റെ ഈ സംഘ്പരിവാർ വഴിയും, ഇരകളുടെ ആക്രോശമായ തീവ്രവാദവും ഒരുപോലെയാണെന്ന് എങ്ങനെ പറയാൻ കഴിയും?

ന്യൂനപക്ഷ വർഗീയത തെറ്റുതന്നെയാണ്. ഭീകരതയും തീവ്രതയും സൃഷ്ടിക്കുന്നത് ന്യൂനപക്ഷത്തിൽപെട്ടവരാണെങ്കിൽ അതിനോട് ന്യൂനപക്ഷ സമൂഹ നേതൃത്വം അൽപംപോലും സൗമനസ്യം കാണിക്കരുത്. പക്ഷേ സാമ്രാജ്യത്വത്തിന്റെയും ഭരണകൂട ഭീകരതയുടെയും ഹിന്ദുത്വ ഫാഷിസത്തിന്റെയും പ്രതികരണമായിട്ടാണ് ന്യൂനപക്ഷ തീവ്രവാദം ജന്മമെടുക്കുന്നത് എന്ന യാഥാർഥ്യം പൊതുസമൂഹം അംഗീകരിക്കേണ്ടതുണ്ട്. നീതി നിഷേധിക്കപ്പെട്ടവന്റെ ഒടുവിലത്തെ അലമുറയായിട്ടാണ് തീവ്രവാദം പ്രത്യക്ഷപ്പെടുന്നത്.

മതത്തെ ഭീകരതയുടെ ഉപകരണവും ഉപാധിയുമാക്കിമാറ്റുന്ന സാമ്രാജ്യത്വമാണ് യഥാർഥത്തിൽ മത ഭീകരവാദ തീവ്രവാദ ഗ്രൂപ്പുകളെ ഉൽപാദിപ്പിക്കുന്നത്. മനുഷ്യ സമൂഹം വിലമതിക്കുന്ന സാഹോദര്യം, പരസ്പര സ്നേഹം, പരക്ഷേമ തൽപരത, നിരപരാധികൾ ശിക്ഷിക്കപ്പെടരുതെന്ന നിലപാട് തുടങ്ങിയ മഹാ മൂല്യങ്ങളെല്ലാം മതം ഉൽപാദിപ്പിച്ചതാണ്. പ്രസ്തുത മഹാ മൂല്യങ്ങളുടെ നിഷേധമായിട്ടാണ് ഭീകരവാദം പ്രത്യക്ഷപ്പെടുന്നത്. സുരക്ഷ, ശാന്തി എന്നിവ മനുഷ്യ സമൂഹത്തിനുള്ള ദൈവിക വാഗ്ദാനങ്ങളായിട്ടാണ് ഖുർആനിൽ വായിക്കാൻ കഴിയുന്നത്. ഇസ്‌ലാമിന്റെ കേന്ദ്ര ഭൂമിയായ മക്ക ഗ്രാമങ്ങളുടെ മാതാവാണ് (ഉമ്മുൽ ഖുറാ). ഗ്രാമങ്ങളുടെ മാതാവിനെക്കുറിച്ച് ഖുർആന്റെ വിശേഷണം പവിത്രമായ നിർഭയ ഭൂമി (ബലദുൻ ആമിൻ, ഹറം ആമിൻ) എന്നാണ്. ഗ്രാമങ്ങളുടെ മാതാവ് പവിത്രമായ നിർഭയ ഭൂമിയാണെങ്കിൽ മുഴുവൻ ഗ്രാമങ്ങളും ആർജിക്കാൻ ആഗ്രഹിക്കേണ്ടത് ആ പദവിയാണ്. ഫാഷിസവും ഭീകരവാ

ദവും ഒരേസമയം മനുഷ്യന്റെ നിർഭയ ജീവിതത്തെയാണ് റദ്ദ് ചെയ്യുന്നത്. ഒരു നിരപരാധിയെ കൊല്ലുന്നത് മുഴുവൻ മനുഷ്യരെയും കൊല്ലുന്നതിന് തുല്യമാണെന്ന ഖുർആനിക ദർശനവും ഭീകരവാദിയുടെ കർമനയവും തമ്മിൽ ഒരു താരതമ്യവുമില്ല.

നമ്മുടെ രാജ്യത്തിന്റെ സുരക്ഷിതത്വം അപകടത്തിലാണ്. ദൽഹിയും മുംബൈയും ഹൈദരാബാദും ബാംഗ്ലൂരും ചെന്നൈയും സുരക്ഷാ ഭീഷണി നേരിട്ടുകൊണ്ടിരിക്കുന്നു. ഇന്ത്യ-ഇസ്രയേൽ നയതന്ത്രബന്ധം ശക്തിപ്പെടുകയും മൊസാദിന് ഇന്ത്യയിലേക്ക് പ്രവേശനം എളുപ്പമാവുകയും ചെയ്തതിനെ തുടർന്നാണ് ഇന്ത്യയിൽ സ്ഫോടന പരമ്പരകൾക്ക് തുടക്കംകുറിക്കുന്നത്. മൊസാദ്-സി.ഐ.എ മോഡലിൽ ഭീകരാക്രമണങ്ങൾ സംഘടിപ്പിക്കാൻ ഇന്ത്യൻ സൈന്യത്തിന്റെ സഹായത്തോടുകൂടി സ്വദേശികളും വിദേശികളുമായ ഭീകരർ കരുത്തുനേടിയിരിക്കുന്നു എന്ന വസ്തുത നാം കാണാതിരുന്നുകൂടാ. മാലേഗാവിലും മക്കാ മസ്ജിദിലും ബാംഗ്ലൂരിലും ഡൽഹിയിലും മുംബൈയിലും സ്ഫോടനങ്ങൾ സംഘടിപ്പിച്ചവരുടെ ദേശവും ജാതിയും ഏതായാലും എല്ലാവരും സാമ്രാജ്യത്വ സയണിസ്റ്റ് ദാസന്മാരായ ഫാഷിസ്റ്റ് ഭീകരർ തന്നെയാണ്. സി.ഐ.എ-മൊസാദ്-ഐ.എസ്.ഐ ക്രിമിനൽ സംഘങ്ങളുടെ പിൻബലത്തിൽ ഫാഷിസ്റ്റുകളുടെയും ഭീകരരുടേതുമായ ഒരു ആഗോള നെറ്റുവർക്ക് രൂപപ്പെട്ടുകഴിഞ്ഞിരിക്കുന്നു.

ഭീകരതയുടെ ആഗോളാക്രമണത്തെ ചെറുക്കാനും ഫാഷിസത്തിന്റെ സമഗ്രാധിപത്യത്തെ തോൽപിക്കാനും സാമൂഹിക ജീവിതത്തെ കൂടുതൽ ജനാധിപത്യവത്കരിക്കേണ്ടിയിരിക്കുന്നു. ജനാധിപത്യ സ്വഭാവമുള്ള ആശയങ്ങൾ സാമൂഹിക-രാഷ്ട്രീയ നിയന്ത്രണം ഏറ്റെടുക്കാനുള്ള കെൽപ് കാട്ടേണ്ടിയിരിക്കുന്നു. ഷാവേസിന്റെ സോഷ്യലിസ്റ്റ് സാമൂഹികതയും നിജാദിന്റെ ഇസ്‌ലാമിക സാമൂഹികതയും കാസ്ട്രോയുടെ മാക്സിസ്റ്റ് സാമൂഹികതയും സാമ്രാജ്യത്വത്തിന്റെയും ഭീകരതയുടെയും ഫാഷിസത്തിന്റെയും ലോക കാഴ്ചപ്പാടിനോടാണ് ഏറ്റുമുട്ടിക്കൊണ്ടിരിക്കുന്നത്. ജനാധിപത്യ സ്വഭാവമൂള്ള സാമൂഹികാശയങ്ങൾക്കിടയിൽ അഭൂതപൂർവമായ ഐക്യം കെട്ടിപ്പടുക്കേണ്ടത് കാലഘട്ടത്തിന്റെ അനിവാര്യതയായിത്തീർന്നിരിക്കുന്നു.

ഇന്ത്യയെ സംബന്ധിച്ചേടത്തോളം ഫാഷിസ്റ്റുകൾക്ക് ഭൂരിപക്ഷമില്ലെന്ന് നാം തുറന്നു പ്രഖ്യാപിക്കണം. ഫാഷിസത്തിന്റെ മറുചേരിക്ക് ഇവിടെ വ്യക്തമായ ഭൂരിപക്ഷമുണ്ട്. മൃദുഹിന്ദുത്വംകൊണ്ടും ഉദാര മതേതരത്വം കൊണ്ടും ഫാഷിസത്തിനെതിരായ ഭൂരിപക്ഷ ചേരിയെ ദുർബലപ്പെടുത്താതിരിക്കാൻ നാം ജാഗ്രത പുലർത്തണം.

> ജനാധിപത്യ സ്വഭാവമുള്ള ആശയങ്ങൾ സാമൂഹിക-രാഷ്ട്രീയ നിയന്ത്രണം ഏറ്റെടുക്കാനുള്ള കെൽപ് കാട്ടേണ്ടിയിരിക്കുന്നു. ഷാവേസിന്റെ സോഷ്യലിസ്റ്റ് സാമൂഹികതയും നിജാദിന്റെ ഇസ്‌ലാമിക സാമൂഹികതയും കാസ്ട്രോയുടെ മാക്സിസ്റ്റ് സാമൂഹികതയും സാമ്രാജ്യത്വത്തിന്റെയും ഭീകരതയുടെയും ഫാഷിസത്തിന്റെയും ലോക കാഴ്ചപ്പാടിനോടാണ് ഏറ്റുമുട്ടിക്കൊണ്ടിരിക്കുന്നത്. ജനാധിപത്യ സ്വഭാവമൂള്ള സാമൂഹികാശയങ്ങൾക്കിടയിൽ അഭൂതപൂർവമായ ഐക്യം കെട്ടിപ്പടുക്കേണ്ടത് കാലഘട്ടത്തിന്റെ അനിവാര്യതയായിത്തീർന്നിരിക്കുന്നു.

ന്യൂനപക്ഷ മത വിഭാഗങ്ങളും സെക്യുലർ ഗ്രൂപ്പുകളും കമ്യൂണിസ്റ്റുകളും ഗാന്ധിയന്മാരും ദലിതുകളും മറ്റു പിന്നാക്ക ജനവിഭാഗങ്ങളും ചേരുന്നതാണ് ഇന്ത്യയിലെ ഫാഷിസത്തിനെതിരായ ഭൂരിപക്ഷ ചേരി. ജനാധിപത്യ മത നിരപേക്ഷതയുടെ അടിത്തറയിൽ ഈ സാമൂഹിക ജനവിഭാഗങ്ങളെ സർഗാത്മകമായി രാഷ്ട്രീയവത്കരിക്കലാണ് ഫാഷിസത്തെ ചെറുക്കുന്നവരുടെ അടിയന്തര കടമ. ആ കടമയുടെ നിർവഹണത്തിന് അനിവാര്യമായ എല്ലാ വിട്ടുവീഴ്ചകൾക്കും ജനാധിപത്യ പാർട്ടികളും ഭിന്ന ജനവിഭാഗങ്ങളും സന്നദ്ധമാവണം.

ഇന്ത്യൻ മാധ്യമങ്ങളുടെ ജനാധിപത്യവത്കരണമാണ് മറ്റൊരടിയന്തരാവശ്യം. പോലീസ് ഭാഷ്യങ്ങളെയും ഭരണകൂട ഭാഷ്യങ്ങളെയും മൗലിക സത്യങ്ങളായി അവതരിപ്പിക്കുന്ന മാധ്യമ രീതി പുനർനിർമിച്ചേ മതിയാവൂ. കുറ്റം ആരോപിക്കുന്നവർക്കും മനുഷ്യാവകാശങ്ങളുണ്ടെന്ന് പൊതുസമൂഹവും മാധ്യമ സമൂഹവും അംഗീകരിക്കണം. ഇന്ദിരാഗാന്ധിയുടെ ഘാതകർക്ക് വക്കീലിനെ ലഭിച്ച നാട്ടിൽ, ജാമിഅ മില്ലിയ വിദ്യാർഥികൾക്ക് നിയമ സഹായം നൽകാൻ മുന്നോട്ടുവന്നതിന്റെ പേരിൽ ഒരു വൈസ് ചാൻസ്‌ലർ ഭയപ്പെടുത്തപെടുന്നുവെങ്കിൽ ഫാഷിസം ജയിച്ചുകൊണ്ടേയിരിക്കും. അങ്ങനെയുള്ളവരെ ഭയപ്പെടുത്താനുള്ള ധൈര്യം പകർന്നത് മാധ്യമ രീതിശാസ്ത്രമാണ്. കോടതി നിരപരാധിയെന്ന് വിധിച്ച മഅ്ദനിയും ഗീലാനിയും ഇപ്പോഴും വേട്ടയാടപ്പെടുന്നതിന്റെ കാരണം മാധ്യമ ഭീകരതയാണ്. മാധ്യമ ഭീകരത ഫാഷിസത്തിന് വളമായി മാറുന്നത് മനസ്സിലാക്കി മാധ്യമങ്ങളെ ജനാധിപത്യവത്കരിച്ചേ തീരൂ. അല്ലങ്കിൽ മാധ്യമ ലോകത്ത് പുതിയ ജനാധിപത്യ ചേരിയുടെ ഉൽപാദനത്തിന് നാം മുന്നോട്ടിറങ്ങേണ്ടിയിരിക്കുന്നു.

ഇന്ത്യയിലെ ഏറ്റവും അപകടകരമായ ഭീകര പ്രസ്ഥാനം സംഘ്പരിവാർ പ്രതിനിധീകരിക്കുന്ന ഫാഷിസം തന്നെയാണെന്ന വ്യക്തമായ രാഷ്ട്രീയ നിലപാടിലേക്ക് മതേതര സമൂഹം ഏകോപിക്കാതെ മേൽ പറഞ്ഞതൊന്നും സാധ്യമല്ല. പ്രസ്തുത രാഷ്ട്രീയ വ്യക്തത മതേതര സമൂഹത്തിനുണ്ടാവുകയും, മുഴുവൻ പ്രതിഭീകര-വർഗീയ വിഭാഗങ്ങളെയും ഒറ്റപ്പെടുത്താൻ ന്യൂനപക്ഷ സമൂഹം ആർജവം കാണിക്കുകയും ചെയ്താൽ ഭീകരതക്കും ഫാഷിസത്തിനുമെതിരായ ഉജ്ജ്വല മുന്നണി രൂപപ്പെടുത്താൻ ഇന്ത്യൻ പൊതുസമൂഹത്തിന് എളുപ്പം സാധിക്കുക തന്നെ ചെയ്യും.

ഇന്ന് പറയേണ്ടത് ഇന്നുതന്നെ പറയാൻ തയാറെടുക്കുകയെന്നതാണ് ഈ ചേരിയുടെ രൂപവത്കരണത്തിന് ഏറ്റവും പ്രധാനം. ഇന്ന് പറയേണ്ടത് നാളെ പറയാൻ വെച്ചതുകൊണ്ട് ഞാൻ ഇന്നും നാളെയും നേര് പറയാത്തവനായി എന്ന് ഗുജറാത്തിനെ കുറിച്ച കവിതയിൽ സച്ചിദാനന്ദൻ പറഞ്ഞത് ഓർക്കുക. ഇന്ന് പറയേണ്ട നേരുകൾ ഇന്ന് പറയാൻ കഴിയാത്ത അരാഷ്ട്രീയവത്കരണത്തിൽനിന്ന് മാധ്യമങ്ങളും ബുദ്ധിജീവികളും മോചിതരാകണം.

പറയാൻ മറന്ന നേരുകളെല്ലാം മുൻകാല പ്രാബല്യത്തോടെ പറഞ്ഞു തുടങ്ങണം. ഗാന്ധിജിയെ കൊന്നതും, ബാബരി മസ്ജിദ് തകർത്തതും, ഗുജറാത്തിൽ നായാടിയതും, മാലേഗാവിൽ ബോംബ് പൊട്ടിച്ചതും, ആർ.എസ്.എസ് സംഘ് ഭീകരതയാണെന്നും സംശയം ബാക്കിവെക്കാതെ പറയാൻ ശീലിക്കണം. മുസ്‌ലിമും ക്രിസ്ത്യാനിയും ദലി

തനും പൗരനാണെന്നും തുല്യമായ പൗരാവകാശമുണ്ടെന്നും സവർണ ലോബി ആ പൗരാവകാശം തട്ടിയെടുത്തിട്ടുണ്ടെന്നും മണ്ഡലും സച്ചാറും ആ അവകാശ നിഷേധങ്ങളുടെ സാക്ഷ്യങ്ങളാണെന്നും തുറന്നു പറയണം. ജനാധിപത്യ ചേരിയിലെ ബുദ്ധിജീവികൾക്ക് അങ്ങനെയൊരു നിലപാടുണ്ടെങ്കിൽ, ന്യൂനപക്ഷ പ്രതിവർഗീയത പോലീസ് മുറകൂടാതെ നാടുനീങ്ങുക തന്നെ ചെയ്യും. ഗുജറാത്തിൽ ഭീകരർ മുസ്‌ലിംകളെ ക്രൂരമായി കൊല ചെയ്തിരുന്നുവെന്ന നേര് ഉറക്കെ വിളിച്ചു പറയണം. വ്യാജ ഏറ്റുമുട്ടൽ സൃഷ്ടിച്ച്, മുസ്‌ലിം സമുദായത്തെ ഭീകരരാക്കുകയെന്ന തെറ്റ് ഭരണകൂടവും പോലീസും ചെയ്തിട്ടുണ്ടെന്ന നേര് വളരെ വേഗം സമ്മതിച്ച് പറയണം. മുസ്‌ലിം നിരപരാധികൾ ധാരാളമായി തടവറയിലുണ്ടെന്നും അവരെയുടൻ മോചിപ്പിക്കണമെന്നും വ്യക്തതയുള്ള ഭാഷയിൽ പറയണം.

നേരറിയുന്നവർ നേര് പറയാൻ മടികാണിക്കുന്ന ഓരോ നിമിഷവും ഫാഷിസത്തിന് മൈലേജ് വർധിച്ചുകൊണ്ടേയിരിക്കുമെന്ന അമ്പരപ്പിക്കുന്ന സത്യമാണ് ബുദ്ധിജീവികളുടെയും മാധ്യമ പ്രവർത്തകരുടെയും അടിയന്തര ശ്രദ്ധയിൽ വരേണ്ടത്. 'മുസ്‌ലിംകൾ മുഖ്യധാരയിൽ വരാത്തതുകൊണ്ട്', 'മുസ്‌ലിംകൾ വേറിട്ട് സംഘടിക്കുന്നതുകൊണ്ട്', 'മുസ്‌ലിംകൾ മതേതര കക്ഷികളെ വിശ്വാസത്തിലെടുക്കാത്തതുകൊണ്ട്' എന്നു തുടങ്ങിയ പാടിപ്പതിഞ്ഞ കുറ്റാരോപണങ്ങളെല്ലാം നുണകളായിരുന്നുവെന്ന് പറയാൻ ഇനി വൈകരുത്. എവിടെയാണ് മുസ്‌ലിംകൾ മുഖ്യധാര വിട്ടത്? സ്വാതന്ത്ര്യ സമരകാലത്ത് ഹിന്ദുക്കളേക്കാൾ ഒരു മുഴം മുമ്പേ ദേശീയ പ്രസ്ഥാനത്തിന്റെ മുഖ്യധാരയിലേക്ക് ചാടിവീണവരാണ് മുസ്‌ലിംകൾ. ഈ സത്യം നമ്മുടെ സ്കൂളുകളിലെ വിദ്യാർഥികളെ പഠിപ്പിക്കാതിരിക്കുകയെന്ന ചരിത്രപരമായ മണ്ടത്തരം കാട്ടിയതിന് മതേതരക്കാർ ചരിത്രത്തോട് മാപ്പുപറയണം. സ്വാതന്ത്ര്യത്തിന് ശേഷം ആർ.എസ്.എസിനെ പോലെ മുസ്‌ലിംകളും കോൺഗ്രസിനാണ് വോട്ടു ചെയ്തത്. ആർ.എസ്.എസും മുസ്‌ലിംകളും ഒരുപോലെ കോൺഗ്രസിനെ വിശ്വസിച്ചു. ആർ.എസ്.എസിന്റെ വിശ്വാസം തെറ്റിയില്ല. മുസ്‌ലിംകളുടേത് തെറ്റുകയും ചെയ്തു. അതുകൊണ്ടാണ് മുസ്‌ലിംകൾ കൂട്ടക്കൊലക്ക് ഇരയായത്. ഇന്ത്യയിലെ മുസ്‌ലിം ഭൂരിപക്ഷം ഒരിക്കലും ഒരു മത ഗ്രൂപ്പിന്റെയും ഭാഗമായിരുന്നില്ല, കോൺഗ്രസ്സിന്റെ ഭാഗമായിരുന്നു. അതുപോലെ സെക്യുലർ രാഷ്ട്രീയത്തിന്റെ ഭാഗമായിരുന്നു. ഇതേ സെക്യുലർ രാഷ്ട്രീയം ആർ.എസ്.എസിനെ പോറ്റി വളർത്തിയതിന്റെ ഫലമായിട്ടാണ് സംഘ് ഭീകരത ഇന്ത്യയുടെ മാറുപിളർന്ന് ഒരു വിഭാഗം പൗരജനങ്ങളുടെ കരൾ മാന്തി തിന്നുന്ന അവസ്ഥയിലേക്ക് വളർന്നതെന്ന സത്യം തുറന്നുപറഞ്ഞ് ഇനിയെങ്കിലും പശ്ചാത്തപിച്ചേ മതിയാവൂ.

എല്ലാവരും ഇടതുപക്ഷത്തേക്ക് വന്നാൽ മതിയെന്ന മാർക്സിസ്റ്റ് തെരുവ് പ്രസംഗംകൊണ്ട് തീരുന്നതല്ല ഫാഷിസ്റ്റ് വിരുദ്ധ രാഷ്ട്രീയത്തിന്റെ സൈദ്ധാന്തിക രൂപകൽപന. ഹിന്ദി ബെൽറ്റിൽ കോൺഗ്രസ് ചെയ്ത തെറ്റ് ബംഗാൾ ബെൽറ്റിൽ ഇടതിനും സംഭവിച്ചിട്ടുണ്ട് എന്നുകൂടി പറഞ്ഞിട്ടുവേണം വിശാലമായ ജനാധിപത്യ ചേരിയെ രൂപപ്പെടുത്താൻ.

മുസ്‌ലിം മുഖ്യധാരയിൽ ലയിച്ചാലും, മുസ്‌ലിം സംഘ്പാരിവാർ ആയി മാറിയാലും, മുസ്‌ലിം സവർക്കറെ സ്തുതിച്ചാലും തീരുന്നതല്ല പ്രശ്നം എന്നതിന് കെ.ഇ.എൻ ഉയർത്തിക്കാട്ടിയ ഒരുദാഹരണം ഇവിടെ കുറിക്കുകയാണ്.

> കുറ്റം ആരോപിക്കുന്നവർക്കും മനുഷ്യാവകാശങ്ങളുണ്ടെന്ന് പൊതുസമൂഹവും മാധ്യമ സമൂഹവും അംഗീകരിക്കണം. ഇന്ദിരാഗാന്ധിയുടെ ഘാതകർക്ക് വക്കീലിനെ ലഭിച്ച നാട്ടിൽ, ജാമിഅ മില്ലിയ വിദ്യാർഥികൾക്ക് നിയമ സഹായം നൽകാൻ മുന്നോട്ടുവന്നതിന്റെ പേരിൽ ഒരു വൈസ് ചാൻസ്‌ലർ ഭയപ്പെടുത്തപ്പെടുന്നുവെങ്കിൽ ഫാഷിസം ജയിച്ചുകൊണ്ടേയിരിക്കും. അങ്ങനെയുള്ളവരെ ഭയപ്പെടുത്താനുള്ള ധൈര്യം പകർന്നത് മാധ്യമ രീതിശാസ്ത്രമാണ്.

ഉദാര മതേതരവാദിയായ, മൃദു ഹിന്ദുത്വ നിലപാടുകാരനായ പ്രഫസർ ബന്ദുക്ക് വാല, ബാബരി മസ്ജിദിന്റെ സ്ഥാനത്ത് ക്ഷേത്രം പണിയണമെന്നുപോലും ഒരു ഘട്ടത്തിൽ വാദിച്ചിരുന്നു. ബറോഡ യൂനിവേഴ്സിറ്റിയിൽ സവർക്കർ ദിനത്തിൽ സവർക്കറെക്കുറിച്ച് അനുസ്മരണ പ്രഭാഷണം നടത്തിയതിന്റെ പിറ്റേന്നാൾ ബന്ദുക്ക് വാലയുടെ വീട് ആർ.എസ്.എസുകാർ ആക്രമിച്ചു. അദ്ദേഹത്തിന്റെ കാർ കത്തിച്ചു. "സംഘ്പരിവാറിനെ എനിക്ക് ശരിക്കും മനസ്സിലാക്കാൻ കഴിഞ്ഞില്ല" എന്നാണ് ബന്ദുക്ക്‌വാലയുടെ ഇപ്പോഴത്തെ ദുഃഖം. "കാറും വീടും നഷ്ടപ്പെട്ടത് എനിക്ക് സഹിക്കാം. അതിലേറെ എനിക്ക് നഷ്ടപ്പെട്ടത് എന്റെ വിശ്വാസങ്ങളാണ്." ബന്ദുക്ക് വാലയുടെ ഈ വാക്ക് മൃദു ഹിന്ദുത്വ–ഉദാര–മതേതര കേന്ദ്രത്തിൽ അമ്പരപ്പ് സൃഷ്ടിക്കാത്ത കാലത്തോളം യഥാർഥ മതേതര ചേരി പൂവണിയാൻ പോകുന്നില്ല. ■